പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 786 **14-10-2026-ൽ മറുപടിയ്ക്ക്**

മണ്ണന്തലയിലെ അംബേദ്കർ ഭവൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ
ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വികസന വകുപ്പിന് എത്ര ഭൂമിയാണ് സ്വന്തമായിട്ടുള്ളത്; പ്രസ്തുത ഭൂമി മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുമോ;

മറുപടി: തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വികസന വകുപ്പിന് 10 ഏക്കർ ഭൂമിയാണ് ഉള്ളത്. പ്രസ്തുത ഭൂമി മതിൽകെട്ടി സംരക്ഷിച്ചിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തലയിൽ സ്ഥാപിതമായിട്ടുള്ള അംബേദ്കർ ഭവൻ എന്ത് ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് നിർമ്മിച്ചത്;പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

മറുപടി: സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, ഓഡിറ്റോറിയം, ലൈബ്രറി, ആർട്ട് ഗാലറി, മ്യൂസിയം എന്നീ സ്ഥാപനങ്ങൾ ആരംഭിക്കുക എന്ന ഉദ്ദേശത്തോടെയാണ് അംബേദ്കർ ഭവൻ നിർമ്മിച്ചത്. അംബേദ്ക്കർ ഭവന്റെ നിർമ്മാണത്തിനായി 7,42,04,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അംബേദ്കർ ഭവനിൽ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിപുലമായ സൗകര്യങ്ങളുള്ള, പട്ടികജാതി വിഭാഗത്തിന് ഉപയോഗപ്രദമാകേണ്ട പ്രസ്തുത കെട്ടിടത്തിൽ പല മുറികളും നിലവിൽ ഉപയോഗശൂന്യമായി പൂട്ടിയിട്ടിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: അംബേദ്കർ ഭവനിൽ നിലവിൽ Integrated Civil Service Examination Training Society (ICSETS) പ്രവർത്തിക്കുന്നു.പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സിവിൽ സർവീസ് പരിശീലന പരിപാടികൾ നടത്തിവരുന്ന ICSETS 2016 മേയ് മുതൽ പ്രവർത്തിച്ചുവരുന്നു.

പ്രസ്തുത കെട്ടിടത്തിൽ പല മുറികളും നിലവിൽ ഉപയോഗശൂന്യമായി പൂട്ടിയിട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിടവും അതിനു സമീപത്തുള്ള കളിക്കളവും കുളവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പട്ടികജാതി വിഭാഗത്തിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മറുപടി: അംബേദ്കർ ഭവൻ പട്ടികജാതി വിഭാഗത്തിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ നവീകരിക്കുന്നത്തിനുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ